ബുദ്ധിമുട്ടുന്നതുകൊണ്ടാണ് രണ്ടാമത്തെ റോഡ് എം.എൽ.എ. റോഡിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതിന്റെ പണി ഉടനടി ആരംഭിക്കുന്നതിനു വേണ്ട നടപടികൾ കൈക്കൊള്ളണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർക്കുട്ടി നഹ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഒരു റോഡിന്റെ പണി പൂർത്തിയായിട്ടുണ്ട്. മഴ പെയ്തതുകൊണ്ട് ടാറിംഗ് ചെയ്യാൻ കഴിഞ്ഞില്ലായെന്നു മാത്രമേയുള്ളൂ. രണ്ടാമത്തെ റോഡിന് ആവശ്യമായ സ്ഥലം വിട്ടുകിട്ടുന്ന മുറയ്ക്ക്, ആ റോഡിന്റെയും ആ പാലത്തിന്റെയും പണി ആരംഭിക്കുന്നതാണ്.

14. ഗ്രാമവികസന പദ്ധതിയനുസരിച്ച് ലോണെടുത്തവരുടെ മേലുള്ള റിക്കവറി നടപടി

ശ്രീ. സി. കെ. തങ്കപ്പൻ: സർ, കേരളത്തിലെ ലക്ഷക്കണക്കിന് കുടുംബങ്ങളെ ബാധിക്കുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നമാണ് തൽക്കാലം ഞാൻ ശ്രദ്ധയിൽപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി., ഐ.ആർ.ഡി.പി. എന്നീ സ്കീമുകളിൽ ഉൾപ്പെടുത്തി വിദ്യാഭ്യാസ കടം, നാൽക്കാലി വാങ്ങാനുള്ള കടം, വ്യാപാര കടം, പെറുകിട വ്യവസായ കടം, ബാർബർ ഷോപ്പ് തുടങ്ങുന്നതിനുള്ള കടം, ജീവനോപാധി സമ്പാദിക്കാനുള്ള കടം ഇങ്ങനെയുള്ള കടങ്ങളും എടുത്തിട്ടുള്ള ലക്ഷക്കണക്കിന് പാവപ്പെട്ട ആളുകളും നമ്മുടെ നാട്ടിൽ റിക്കവറി നടപടികളും ചെയ്തു കഴിയുകയാണ്. റിക്കവറി നടപടികളും നിർത്തിവയ്ക്കണമെന്നാവശ്യപ്പെടുന്നതിനുവേണ്ടി എല്ലാ ആഫീസുകളിലും ഈ ആളുകളുടെ തള്ളിക്കയറ്റം ഇന്നു നടക്കുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ആവശ്യപ്പെടുന്നത് തൽക്കാലം, പാവപ്പെട്ടവരുടെ മേലുള്ള ഈ റിക്കവറി നടപടികളും നിറുത്തിവയ്ക്കണമെന്നാണ്.

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, അങ്ങനെ നിറുത്തി വയ്ക്കുന്നതിന് ബുദ്ധിമുട്ടുണ്ട്. സാധാരണ ഗതിയിൽ അങ്ങനെ ചെയ്യാനുള്ള നടപടിക്രമം ഇല്ല. എന്നിരുന്നാലും ഇങ്ങനെ ബുദ്ധിമുട്ടുണ്ടാകുന്ന സാഹചര്യങ്ങളിൽ അവർക്ക് ലോൺ തിരിച്ചടക്കാനുള്ള സാവകാശം കൊടുത്തിട്ടുണ്ട്. എസ്.ടി., എസ്.സി. കാറ്റഗറിയിലോ മറ്റു ബാക്ക്വേഡ് ക്ലാസ്സുകളിലോ ഉൾപ്പെടുന്ന ആളുകൾ ഈ പണം അടയ്ക്കാതിരുന്നാൽ അത് റൈറ്റ് ഓഫ് ചെയ്യാനുള്ള പ്രൊവിഷനൊന്നും നമുക്കില്ല. അതിന് താൽക്കാലികമായ സാവകാശം കൊടുക്കാം. വരൾച്ച ബാധിച്ച പ്രദേശത്ത് മാത്രം 31-12-1986 വരെയുള്ള എല്ലാ റിക്കവറി നടപടികളും നിറുത്തി വച്ചിട്ടുണ്ട്. മറ്റു പ്രദേശങ്ങളിൽ അങ്ങനെ ചെയ്യുന്നതിന് സാങ്കേതികമായ ബുദ്ധിമുട്ടുണ്ട്.

15. നിർദ്ദിഷ്ട സംസ്കൃത സർവ്വകലാശാല പട്ടാമ്പിയിൽ സ്ഥാപിക്കണമെന്ന ആവശ്യം

ശ്രീ. കെ. ഇ. ഇസ്മയിൽ: സർ, കേരളത്തിലെ നിർദ്ദിഷ്ട സംസ്കൃത സർവ്വകലാശാല പട്ടാമ്പിയിൽ സ്ഥാപിക്കണമെന്ന ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്. സംസ്കൃതത്തിന്റെയും മലയാള ഭാഷയുടേയും പ്രചരണത്തിനും വികസനത്തിനും വേണ്ടി തന്റെ സർവ്വസ്വവും വിനിയോഗിച്ച ശ്രീമാൻ പുന്നശ്ശേരി നീലകണ്ഠ ശർമ്മയുടെ

LIBRARY ARCHIVES Kerala Legislative Assembly